# Athmaraksha.org

യഥാർത്ഥ ക്രൈസ്തവ ജീവിതം

## കുമ്പസാരത്തെ ഭയക്കേണ്ട കാര്യമില്ല: ഫ്രാൻസിസ് പാപ്പ



അനുരഞ്ജനശുശ്രൂഷ ഭയക്കേണ്ട ഒന്നല്ലെന്ന് ഫ്രാൻസിസ് പാപ്പ. ക്ഷമയുടെ പിതാവായ അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസിന്റെ ഓർമ്മദിനമായ ഇന്നലെ വിശ്വാസികളോടു സംസാരിക്കുമ്പോളാണ് ഫ്രാൻസിസ് പാപ്പ ഇക്കാര്യം പറഞ്ഞത്. വിശുദ്ധ കുർബ്ബാന സ്വീകരിക്കാൻ ഒരുക്കത്തോടെ കുമ്പസാരിക്കണമെന്നും ഫ്രൻസിസ് പാപ്പാ പറഞ്ഞു. ആയിരക്കണക്കിനാളുകളാണ് ദിവ്യബലിയിൽ പങ്കെടുത്തത്.
ദൈവത്തോട് കൂടുതൽ അടുക്കാനും വിശുദ്ധ കുർബ്ബാനയേയും കുമ്പസാരത്തേയും വിശുദ്ധിയോടെ സമീപിക്കാനുമുള്ള ആളുകളുണ്ട്. എന്നാൽ നമ്മുടെ ദൈവം ഒരു വിധികർത്താവല്ല, ക്ഷമിക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന പിതാവാണ്. ഈ ബോദ്ധ്യത്തോടെ വേണം കുമ്പസാരിക്കാൻ. കുമ്പസാരത്തിനു മുൻപ് ഒരു ചെറിയ ഭയവും നാണക്കേടുമൊക്കെ എല്ലാവർക്കുമുണ്ടാകും. ഈ ഭയവും നാണക്കേടുമാണ് നമ്മെ കുമ്പസാരത്തിനായി ഒരുക്കുന്നത്, ഫ്രാൻസിസ് പാപ്പ പറഞ്ഞു.